## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5065 | 24.10.2011 - ൽ മറുപടിക്ക് |
|---|---|

**കൊയിലാണ്ടി മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

(എ) കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉണ്ട്; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആരോഗ്യ വകുപ്പിനു കീഴിൽ 5 ആശുപത്രികൾ ആണ് ഉള്ളത്. അതിൽ തിരുവങ്ങൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം 2008 - ൽ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തി. കൂടാതെ മേലടി പ്രാഥമികാരോഗ്യ കേന്ദ്രവും സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള പട്ടിക താഴെപറയും വിധമാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ |
|---|---|---|
| 1 | ചേമഞ്ചേരി | തിരുവങ്ങൂർ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തി |
| 2 | ചെങ്ങോട്ടുകാവ് | ചെങ്ങോട്ടുകാവ് പ്രാഥമികാരോഗ്യ കേന്ദ്രം |
| 3 | മൂടാടി | മൂടാടി പ്രാഥമികാരോഗ്യ കേന്ദ്രം |
| 4 | പയ്യോളി | ഇരിങ്ങൽ പ്രാഥമികാരോഗ്യ കേന്ദ്രം |
| 5 | തിക്കോടി | മേലടി ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തി |

| | | | |
|---|---|---|---|
| (ബി) | പ്രൈമറി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ? | (ബി) | മേലടി, തിരുവണ്ടൂർ എന്നീ ബ്ലോക്ക് തലത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ഈ രണ്ടു ആശുപത്രികളിലും കിടത്തി ചികിത്സ സൗകര്യം ലഭ്യമാണ്. മറ്റു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പൂർണ്ണതോതിൽ ഒ.പി. ചികിത്സയും, പൊതുജന ആരോഗ്യ പ്രവർത്തനങ്ങളും മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഇവിടങ്ങളിലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തുകൾ വഴിയാണ് ഒരുക്കേണ്ടത്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ആഫീസർ